Prot.No.MPL : 10/20/39

# ഇടയലേഖനം

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

ഫ്രാൻസീസ് പാപ്പായുടെ ''ക്രിസ്തു ജീവിക്കുന്നു'' എന്ന തിരുവെഴുത്ത് ഉദ്ധരിച്ചുകൊണ്ട് ഇക്കൊല്ലത്തെ നോമ്പുകാല ചിന്തകൾ ആരംഭിക്കട്ടെ. ''വിരിച്ചു പിടിച്ച കൈകളോടെ കുരിശിൽ തറക്കപ്പെട്ട ഈശോയിലേക്ക് നിന്റെ കണ്ണുകൾ തിരിക്കുക. രക്ഷിക്കപ്പെടാൻ നീ വീണ്ടും വീണ്ടും നിന്നെത്തന്നെ വിട്ടുകൊടുക്കുക. നിന്റെ പാപങ്ങൾ ഏറ്റുപറയുമ്പോൾ പാപകടങ്ങളിൽ നിന്ന് നിന്നെ മോചിപ്പിക്കുന്ന അവിടുത്തെ കരുണയിൽ ഉറച്ചുവിശ്വസിക്കുക. അത്ര വലിയ സ്നേഹത്തോടെ ചിന്തപ്പെട്ട അവിടുത്തെ തിരുരക്തത്തെപ്പറ്റി ധ്യാനിക്കുക. അവിടുത്തെ തിരുരക്തം നിന്നെ കഴുകി ശുദ്ധനാക്കട്ടെ. അങ്ങനെ നിനക്ക് നിത്യനൂതനമായി വീണ്ടും ജനിക്കാൻ കഴിയും''(123).

ഈശോയുടെ പെസഹാരഹസ്യങ്ങൾ കഴിഞ്ഞകാല സംഭവമല്ല. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അത് ഇന്നും എന്നും സംഭവിച്ചുകൊണ്ടിരിക്കുന്നു. നോമ്പുകാലം നമ്മെ മാനസാന്തരത്തിലേക്ക് നയിക്കണമെന്നും അതുവഴി സഹിക്കുന്നവരിൽ മിശിഹായെ കാണാനും സ്പർശിക്കാനുമുള്ള വിശ്വാസം നമുക്ക് ഉണ്ടാകണമെന്ന് ഫ്രാൻസിസ് പാപ്പ തന്റെ നോമ്പുകാല സന്ദേശത്തിൽ ആഹ്വാനം ചെയ്യുന്നുണ്ട്.

''എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത''(ഗലാ 2:20) ക്രൂശിതനും ഉത്ഥിതനുമായ കർത്താവിനെ മുഖാഭിമുഖം കാണുമ്പോളാണ് കരുണയുടെ അനുഭവം നമുക്കുണ്ടാകുക. അതുകൊണ്ടാണ് നോമ്പുകാലത്ത് പ്രാർത്ഥനക്കുള്ള സവിശേഷ പ്രാധാന്യം. പ്രാർത്ഥന ദൈവസ്നേഹത്തോടുള്ള നമ്മുടെ പ്രത്യുത്തരമാണ്. അനർഹരെങ്കിലും, ദൈവം നമ്മെ സ്നേഹിക്കുന്നുവെന്ന തിരിച്ചറിവാണ് പ്രാർത്ഥനയിലേക്ക് നമ്മെ നയിക്കുന്നത്. പ്രാർത്ഥനക്ക് വിവിധരൂപങ്ങളും ഭാവങ്ങളുമുണ്ടെങ്കിലും, ദൈവത്തിന്റെ നോട്ടം നമ്മിലേക്ക് തുളച്ചുകയറി, കടുപ്പം കൂടിയ നമ്മുടെ ഹൃദയത്തെ

മൃദുലമാക്കി, ദൈവേഷ്ടത്തിലേക്ക് നമ്മെ പൂർണ്ണമായും മാനസാന്തരപ്പെടുത്തുന്നു എന്നതാണ് പ്രധാനകാര്യം.

അലസതയിൽ നിന്ന് നമ്മെ തട്ടിയുണർത്തി ദൈവത്തോടുള്ള പ്രതിനന്ദിയുടെ മനോഭാവത്തിലേക്ക് നമ്മെ നയിക്കുന്ന അനുകൂല സമയമാണ് നോമ്പുകാലം. തിന്മയുടെ സ്വാധീനം നമ്മിലും സഭയിലും ലോകത്തിലും സജീവമെങ്കിലും, നാമുമായി അനുസ്യൂതമായ രക്ഷാകരസംവാദത്തിനു ദൈവം നമ്മെ എന്നും ക്ഷണിക്കുന്നുണ്ട്.

ഓസ്ട്രേലിയായിലെ കാട്ടുതീ മൂലം കഷ്ടപ്പെടുന്നവരിലും, കൊറോണ അണുബാധയിൽ മരിച്ചവരിലും അതിന്റെ ഭീഷണിയിൽ കഴിയുന്നവരിലും, യുദ്ധത്തിന്റെ ഇരകളായ നിരാലംബരിലും, ജീവനു ഭീഷണി നേരിടുന്ന ഗർഭസ്ഥശിശുക്കളിലും വൃദ്ധജനങ്ങളിലും നിരവധി മറ്റ് അക്രമസംഭവങ്ങളിലും സന്നിഹിതനാകുന്ന ക്രൂശിതനായ മിശിഹായുടെ തിരുമുറിവുകളോടുള്ള അനുകമ്പ അനുഭവപ്പെടുന്നതാണ് പെസഹാരഹസ്യകേന്ദ്രിതമായ ജീവിതം. പ്രകൃതിദുരന്തങ്ങളിലും സമ്പത്തിന്റെ അനീതിപരമായ പങ്കുവെക്കലിലും മനുഷ്യനെ കച്ചവടവസ്തുവാക്കുന്നതിലും ഈ തിരിച്ചറിവ് നമുക്കുണ്ടാകണം.

പങ്കുവെക്കാനും ദാനധർമ്മത്തിനും മെച്ചപ്പെട്ട ലോകനിർമ്മിതിയിൽ പങ്കുചേരാനും ഉള്ള ആഹ്വാനം ഇന്നും ഏറെ പ്രസക്തമാണ്. ദാനധർമ്മം നമ്മെ കൂടുതൽ മനുഷ്യത്വമുള്ളവരാക്കും. സ്വാർത്ഥമായി പൂഴ്ത്തിവെക്കുന്നവൻ മനുഷ്യത്ത്വം നഷ്ടപ്പെട്ടവനാകും. അവൻ തന്റെ സ്വാർത്ഥതയുടെ തടവറയിൽ അടക്കപ്പെടും. ജീവിതത്തെ പ്രത്യേകിച്ച് സാമ്പത്തിക ജീവിതത്തെ സുവിശേഷ ചൈതന്യത്തിൽ, മലയിലെ പ്രസംഗത്തിലെ അഷ്ടഭാഗ്യങ്ങളുടെ ചൈതന്യത്തിൽ സമീപിക്കാൻ നമുക്ക് കഴിയട്ടെ.

അനുരഞ്ജനത്തിനുള്ള ദൈവത്തിന്റെ വിളിക്ക് കാതോർക്കാനും പെസഹാരഹസ്യങ്ങളിലേക്ക് തിരിയാനും ദൈവവുമായി ആത്മാർത്ഥമായ നിരന്തരസംഭാഷണത്തിനു തയ്യാറാകാനുമുള്ള ഹൃദയത്തിന്റെ തുറവി നമുക്കുണ്ടാകാൻ ഈ നോമ്പുകാലം അവസരമാകട്ടെ എന്നു പ്രാർത്ഥിക്കാം. അങ്ങനെ നമുക്ക് ''ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവു''(മത്തായി 5:13-14) മായ ക്രിസ്തുശിഷ്യരാകാം.

വളരെ പ്രധാനപ്പെട്ട ഒരു കാര്യം നിങ്ങളുടെ പ്രാർത്ഥനക്കും പ്രവർത്തനത്തിനുമായി മുന്നോട്ട് വച്ചുകൊണ്ട് ഈ നോമ്പുകാലചിന്തകൾ സമാപിപ്പിക്കാം.

''ബൈബിൾ ഞായർ'' ആചരിക്കാനുള്ള ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനത്തിന്റെ ചൈതന്യം ഉൾക്കൊണ്ട്, ഓസ്ട്രേലിയായിലെ നമ്മുടെ സാഹചര്യം കണക്കിലെടുത്ത്, നോമ്പുകാലത്തെ ഒന്നാം ഞായർ മുതൽ രണ്ടാം ഞായർ ഉൾപ്പെടെ ''ബൈബിൾവാരം'' നമ്മുടെ രൂപതയിൽ എമ്പാടും ആചരിക്കാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നോമ്പുകാലമാണല്ലോ ദൈവവചന പഠനത്തിനും പരിചിന്തനത്തിനും പ്രാർത്ഥനക്കും ഏറ്റവും അനുകൂലമായ കാലം. ''ദൈവവചനത്തെപ്പറ്റിയുള്ള അജ്ഞത മിശിഹായെപ്പറ്റിയുള്ള അജ്ഞത''യാണെന്ന വിശുദ്ധ ജെറോമിന്റെ വാക്കുകൾ നമുക്ക് ഓർക്കാം.

''ബൈബിൾ വാരം'' ഫലദായകമായി നമ്മുടെ ഇടവകകളിലും സമൂഹങ്ങളിലും വീടുകളിലും ആചരിക്കാൻ ഏതാനും പ്രായോഗിക നിർദ്ദേശങ്ങൾ:

1. രൂപതാ ബൈബിൾ അപ്പസ്തലേറ്റിന്റെ സഹായത്തോടെ തയ്യാറാക്കി ഇതു സഹിതം അയക്കുന്ന ''പരിശുദ്ധാത്മാവ് മന്ത്രിക്കുന്നതെന്തെന്ന് വിവേചിച്ചറിയുക''(Listen to what the Holy Spirit is saying) എന്ന ബൈബിൾ വാരചിന്തകൾ പഠനവിഷയമാക്കി നമുക്ക് ബൈബിൾ വാരം ആചരിക്കാം.

2. നോമ്പുകാലത്തെ ഒന്നും രണ്ടും ഞായറാഴ്ചകളിൽ കുർബാനക്കു മുമ്പ് ആഘോഷമായ പ്രദിക്ഷണത്തോടെ ബൈബിൾ അൾത്താരയിൽ പ്രതിഷ്ഠിക്കുക. ''നമ്മുടെ കർത്താവിന്റെ തിരുശരീരം വണങ്ങുന്നതുപോലെയാണ് വിശുദ്ധഗ്രന്ഥത്തേയും സഭ വണങ്ങിപോന്നിട്ടുള്ളത്''(ദൈവാവിഷ്കാരം21) എന്ന് എല്ലാവരെയും ബോധ്യപ്പെടുത്താൻ ഇതു സഹായിക്കും.

3. കുർബാനപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പോലെ, ലേഖനവായനക്ക് ഒരു തിരിയും സുവിശേഷവായനക്ക് രണ്ട് തിരികളുമായി അൾത്താര ശുശ്രൂഷികൾ ഉണ്ടായിരിക്കുക.

4. സുവിശേഷ വായനക്കുമുമ്പുള്ള സുവിശേഷ പ്രദിക്ഷണം ആഘോഷമാക്കുക.

5. ബൈബിൾ വാരത്തിൽ ബൈബിൾ അപ്പസ്തലേറ്റ് നിർദ്ദേശിച്ചിരിക്കുന്ന വിഷയാടിസ്ഥാനത്തിൽ ദൈവവചനം പ്രാർത്ഥനാപൂർവ്വം വായിച്ച്, പഠിച്ച്,

ധ്യാനിക്കാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കുകയും, അതനുസരിച്ച് ബൈബിൾവാരം എല്ലാവരും ഫലദായകമായി ആചരിക്കുകയും ചെയ്യുക.

6. അൾത്താരശുശ്രൂഷികൾക്കും, കുർബാനക്കിടെ വിശുദ്ധഗ്രന്ഥവായന നടത്തുന്നവർക്കും, പരിശുദ്ധ കുർബാന നല്കാൻ സഹായിക്കുന്ന പ്രത്യേക ശുശ്രൂഷികൾക്കും ബൈബിൾ സംബന്ധമായ ക്ലാസുകൾ സംഘടിപ്പിക്കുക.

7. ബൈബിൾവാരത്തിൽ, മതബോധനവുമായി ബന്ധപ്പെടുത്തി, ബൈബിൾ ക്വിസ്, ബൈബിൾ ചിത്രരചന, ബൈബിൾ സംഭവങ്ങളെയും വ്യക്തികളെയും കുറിച്ച് പ്രസംഗ/ഉപന്യാസ/ചിത്രരചന/ഏകാംഗ മത്സരങ്ങൾ സംഘടിപ്പിക്കുക.

8. ബൈബിൾ വാരത്തിൽ മാത്രമല്ല, നോമ്പുകാലം മുഴുവനും വീടുകളിൽ ഉചിതമായ സമയം കണ്ടെത്തി ബൈബിൾ വായന മുടങ്ങാതെ നടത്തുക.

പ്രിയ ബഹുമാന വൈദികരേ, സഹോദരീസഹോദരന്മാരേ, വലിയ നോമ്പ് ആചരണവും ബൈബിൾ വാരാചരണവും വഴി എന്നും ജീവിക്കുന്ന മിശിഹായെ പരിശുദ്ധാത്മാവിന്റെ നിമന്ത്രണത്തിനു കാതോർത്തു കൊണ്ട് കണ്ടുമുട്ടാനും പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ നാം എന്നും നിലനില്ക്കാനും ഇടവരട്ടെ എന്നു പ്രാർത്ഥിച്ചു കൊണ്ട്,

മിശിഹായിൽ നിങ്ങളുടെ പിതാവ്

**+ ബോസ്കോ പുത്തൂർ** 10 ഫെബ്രുവരി 2020

NB 1: ഈ ഇടയലേഖനം 2020 ഫെബ്രുവരി 16–ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.

NB 2: BIBLE WEEK 2020 എന്ന ലഘുലേഖയും അതിനോട് അനുബന്ധമായ വിശുദ്ധഗ്രന്ഥ വായനകളെപ്പറ്റിയുള്ള വിവരണവും ഇടവകജനങ്ങൾക്ക് വിവരിച്ച് കൊടുക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുമല്ലോ.